**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ. കെ ദാസൻ,<br>ശ്രീ. വി. അബ്ദുറഹിമാൻ** | | **Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിയ്ക്കും സുരക്ഷിതത്വത്തിനുമായി ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച വിവിധ നൂതനപദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പുനരധിവാസ പാക്കേജിന്റെ വിശദാംശം നൽകുമോ; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1350 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2020 ജനുവരിയിൽ ആരംഭിച്ച പദ്ധതി 3 വർഷം കൊണ്ട് പൂർത്തിയാ ക്കാനാണ് ലക്ഷ്യമിട്ടുന്നത്. തീരദേശത്ത് നിന്നും മാറി താമസിക്കുന്നതിന് തയ്യാറായ 9904 കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി (DLAC) അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1562 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 962 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ഭവനനിർമ്മാണം വിവിധ ഘട്ടത്തിലുമാണ്. |
| (സി) | ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | 2016-17 വർഷത്തിൽ തന്നെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ആദ്യ ഘട്ടമായി ഭൂരഹിതരും ഭവനരഹിതരുമായ 800 കുടുംബങ്ങൾക്ക് 2-3 |

| | | | |
|---|---|---|---|
| | | | സെൻറ് വരെ ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് 6 ലക്ഷം രൂപ നിരക്കിൽ 48 കോടി രൂപ വകയിരുത്തി പദ്ധതിക്ക് അനുമതി നൽകി. ഇതിൽ 743 ഗുണഭോക്താക്കൾ ജില്ലാ ഓഫീസുമായി കരാറിൽ ഏർപ്പെട്ടുകയും,731 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്യുകയും 557 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരം മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ലൈഫ് മിഷന് കൈമാറിയതിനാൽ സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായി അപേക്ഷ സമർപ്പിച്ചിരുന്ന മുഴുവൻ ഗുണഭോക്താക്കളുടെ പട്ടികയും ലൈഫ് മിഷന് കൈമാറുകയും , ഇവരെ ലൈഫ് മിഷൻ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് കഴിയുമാറ് ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് അനുവദിക്കുകയും ചെയ്തു. പ്രസ്തുത 7346 പേരുടെ ലിസ്റ്റ് ലൈഫ് മിഷൻ ജില്ലകളിൽ പരിശോധന നടത്തുകയും അതിൽ 3258 പേർ അർഹരാണെന്ന് കണ്ടെത്തുകയും 1087 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുകയും ഒരാൾ കരാറിൽ ഏർപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ഭൂരഹിത ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ് തുക ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. അപകട ഇൻഷ്വറൻസ് തുക 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം അറ്റാച്ച്മെന്റിൽ കണ്ടാലും. നിലവിൽ 17/12/2020 മുതൽ 16/12/2021 വരെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള അപകട ഇൻഷ്വറൻസ് പദ്ധതി പുതുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിയ്ക്കും സുരക്ഷിത ത്വത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന വിവിധ നൂതനപദ്ധതികൾ .**

1. തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി.
2. തീരദേശത്ത് സാക്ഷരത ഉറപ്പാക്കുന്നതിനായി അക്ഷരസാഗരം പദ്ധതി.
3. തീരദേശത്തെ കുട്ടികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പ്രതിഭാതീരം പദ്ധതി.
4. തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികൾ
5. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി
6. മത്സ്യത്തൊഴിലാളി പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം
7. മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ പുനർവൈദ്യുതീകരണ പദ്ധതി.
8. മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ്, GPS ലൈഫ് ബോയ്, നാവിക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി.
9. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതി.
10. മത്സ്യത്തൊഴിലാളികൾക്ക് 320 FRP ബോട്ടുകൾ വിതരണം ചെയ്യാനുള്ള പദ്ധതി.
11. മത്സ്യത്തൊഴിലാളികൾക്ക് DAT, VHF,GPS എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള പദ്ധതി.
12. പ്രധാന മത്സ്യബന്ധനതുറമുഖങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ.

    നീണ്ടകര, പുതിയാപ്പ, ബേപ്പൂർ, മുനമ്പം ഹാർബറുകളിൽ പണി പൂർത്തീകരിച്ചു.
13. മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുമാറ് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം 10 ബോട്ടുകൾക്ക് അനുമതി ലഭിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
14. മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകളുടെ രൂപീകരണവും പരിശീലനവും
15. കടൽ രക്ഷാ പ്രവർത്തനത്തിന് 3 മറൈൻ ആംബുലൻസുകൾ
16. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി സാഗര മൊബൈൽ ആപ്ലിക്കേഷൻ.
17. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.

18. കടൽ സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വിവരങ്ങൽ യഥാസമയം അറിയിക്കുന്നതിനും മാസ്റ്റർ കൺട്രോൾ റൂമും (3 മേഖലാ റീജിയണൽ കൺട്രോൾ റൂമുക ൾ ) സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

19. നിലവിലുള്ള യന്ത്രവൽകൃത യാനങ്ങൾ Slurry ice unit, Biotoilet എന്നിവ ഉൾപ്പെടുത്തി നവീകരിക്കുന്ന പദ്ധതി.

20. മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം , ഹോളോ ഗ്രാഫിക് രജിസ്ട്രേഷൻ, സ്ക്വർ മെഷ് (ട്രോൾ വലയിൽ) എന്നിവ ഘടിപ്പിക്കുന്ന പദ്ധതി.

21. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ ക ണ്ടെ ത്തുന്നതിനുള്ള വിവിധ പദ്ധതികൾ Joint Liabilty Group കൾ രൂപീകരിച്ച് മത്സ്യത്തൊഴിലാളി വനിതകൾക്ക് വായ്പ നൽകുന്ന പദ്ധതി.

22. മത്സ്യത്തൊഴിലാളി വനിതകൾക്ക് അഷ്ടമുടി ഫേസ് 2 പദ്ധതി വഴി ടൈലറിംഗ് അപ്പാരൽ പാർക്ക്

23. മത്സ്യഫെഡ് വഴിയുള്ള പലിശരഹിത വായ്പ പദ്ധതി, മൈക്രോഫിനാൻസ് വായ്പ , ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, ഉപകരണ സുരക്ഷാ പദ്ധതി , നാടൻ വള്ളങ്ങളുടെ നവീകരണം തുടങ്ങിയ പദ്ധതികൾ

24. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന വിവിധ പ ദ്ധതികൾ.

**സെക്ഷൻ ഓഫീസർ**

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം24മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| ശവസംസ്കാര ചിലവിന് | 2,500/- രൂപ |